# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കാർഷിക വിപണികളുടെ പ്രവർത്തനം</u>

3099 ശ്രീ. പാലോട് രവി
'' എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സോയിൽ ഹെൽത്ത് കാർഡ്</u>

3100 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഹൈടെക് ഫാമിംഗ്

3101 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈടെക് ഫാമിംഗ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; അതുവഴി കാർഷിക രംഗത്ത് എന്തെല്ലാം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) കൂടുതൽ മേഖലകളിലേക്ക് ഹൈടെക് ഫാമിംഗ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മാമം നാളികേര സംസ്കരണശാല</u>

3102 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര സംസ്കരണശാല പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടിയത് എന്നാണ്;

(സി) ഈ സ്ഥാപനത്തിൽ എത്ര രൂപയുടെ യന്ത്രസാമഗ്രികളാണ് തുരുമ്പെടുത്ത് നശിച്ചുപോയതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ ഇവിടത്തെ സ്റ്റാഫ് പാറ്റേൺ എങ്ങനെയായിരിക്കുമെന്നും ജീവനക്കാരുടെ നിയമനം ഏതുതരത്തിലായിരിക്കുമെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>തെങ്ങുകൃഷി പുനരുദ്ധാരണം</u>

3103 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷി പുന:രുദ്ധരിക്കുന്നതിന് നാളികേര വികസന ബോർഡ് തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നാളികേര കർഷകന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയ തെങ്ങുകൃഷി, രോഗപ്രതിരോധ മാർഗ്ഗങ്ങൾ, വിപണനം, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ച് കർഷകനെ ബോധവൽക്കരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

മിഷൻ 676 വഴിയുള്ള പദ്ധതികൾ

3104 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന മിഷൻ 676 പദ്ധതി പ്രകാരം സംസ്ഥാനത്ത് കൃഷിവകുപ്പ് മുഖേന എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) 676 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന എത്ര പദ്ധതികൾ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മിഷൻ 676 പദ്ധതിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കൃഷിവകുപ്പിനു കീഴിലെ പുതിയ പദ്ധതികൾ</u>

3105 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് കീഴിൽ ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; അതിന്റെ ഗുണഭോക്താക്കൾ എത്രയാണ്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

സുഭിക്ഷ പദ്ധതി

3106 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സുഭിക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സുഭിക്ഷാ പദ്ധതിയിലേയ്ക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാർഷികമേഖലയിലെ കേന്ദ്ര പദ്ധതികൾ</u>

3107 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 -14 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി എത്ര തുക ലഭ്യമാക്കിയിരുന്നു;

(സി) പ്രസ്തുത തുകയിൽ എത്ര ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്താമോ;

(ഡി) നടപ്പാക്കാൻ കഴിയാതെ പോയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

'നിറവ്' പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ

3108 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതിയ്ക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) 'നിറവ്' പദ്ധതിയുടെ നടത്തിപ്പിനായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത് സംബന്ധിച്ച് ഓരോ ജില്ലയിലും നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>സഹസ്ര സരോവർ പദ്ധതി</u>

3109 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ദേവികുളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി നൽകിയ അഭ്യർത്ഥനയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സഹസ്ര സരോവർ പദ്ധതി-കോഴിക്കോട് ജില്ല</u>

3110 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹസ്ര സരോവർ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഓരോ നിയമസഭാ മണ്ഡലങ്ങളിലും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>''നിറവ് പദ്ധതി''- കൊല്ലം ജില്ല</u>

3111 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''നിറവ് പദ്ധതി'' ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ;

(സി) ''നിറവ് പദ്ധതി'' കൊല്ലം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നും പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തൃക്കടവൂർ പഞ്ചായത്തിന്റെ വീട്ടിൽ ഒരു മാവ് പദ്ധതി-</u>

3112 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിനെ 'വീട്ടിൽ ഒരു മാവ്' പദ്ധതിയിലുൾപ്പെടുത്തി മാവിൻതൈ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ; പദ്ധതിയുടെ ചെലവ് എത്രയെന്നറിയിക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കുള്ള തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്നറിയിക്കാമോ; ഇല്ലെങ്കിൽ തുക അനുവദിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാർഷിക ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി</u>

3113 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകിയതിന്റെ ഭാഗമായി കൃഷി വകുപ്പ് എത്ര കോടി രൂപ കെ.എസ്.ഇ.ബി.യ്ക്ക് ഇതുവരെ കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) വൈദ്യുതി സൗജന്യമായി ലഭിക്കാൻ മിനിമം എത്ര സെന്റ് സ്ഥലത്ത് കൃഷി ചെയ്യണമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>അടയ്ക്ക നിരോധനം</u>

3114 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടയ്ക്ക നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടോ അടയ്ക്കയിൽ വിഷാംശം അടങ്ങിയിട്ടുള്ളതിനാൽ നിരോധിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചുകൊണ്ടോ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) അടയ്ക്കയിലെ വിഷാംശത്തെ സംബന്ധിച്ച് പഠിക്കുവാൻ കേന്ദ്ര ഭക്ഷ്യഗുണനിലവാര അതോറിറ്റി രൂപീകരിച്ച വിദഗ്ധ സമിതി സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;

(സി) സംസ്ഥാനം ഇതു സംബന്ധിച്ച് നൽകിയ അഭിപ്രായ നിർദ്ദേശങ്ങൾ എന്താണെന്നു വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ശാസ്ത്രീയ സുസ്ഥിര കൃഷി സമീപനത്തെ സംബന്ധിച്ച പഠനം

3115 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കാത്ത ശാസ്ത്രീയ സുസ്ഥിര കൃഷി സമീപനത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ കണ്ടെത്തലുകള്‍ വിശദമാക്കാമോ;

(സി) പ്രസ്തുത പഠനം നടത്തുന്നതിന് സ്വകാര്യ ഏജന്‍സികളുടെയോ, മറ്റ് അന്യസംസ്ഥാന സ്ഥാപനങ്ങളുടെയോ രീതികള്‍ അവലംബിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഇത്തരം പഠനങ്ങളിലൂടെ കണ്ടെത്തിയ വിവരങ്ങള്‍ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി</u>

-

3116 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിലെ എത്ര ഏക്കർ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കാർഷിക സർവകലാശാലയ്ക്ക് കേന്ദ്രനിയമം</u>

3117 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ കേന്ദ്രകാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമം നടപ്പിലാക്കാൻ എന്തെങ്കിലും നീക്കം ഉണ്ടോ;

(ബി) ഈ നിയമം നടപ്പിലാക്കിയാൽ സംസ്ഥാന സർക്കാരിന് ഇപ്പോഴുള്ള പരിമിതമായ അധികാരം പോലും ഇല്ലാതാക്കുന്നതും വൈസ് ചാൻസലർക്ക് പൂർണ്ണമായ അധികാരം നൽകുന്നതുമാണ് കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നൂറു ശതമാനവും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കൊണ്ടു പ്രവർത്തിക്കുന്ന സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന് ഒരധികാരവും ഇല്ലാതാകുമെന്നും പ്രൊ-ചാൻസലർ പദവി ഇല്ലാതാകുമെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അക്കാദമിക രംഗത്ത് ജനാധിപത്യ ഭരണക്രമം നിലനിൽക്കുന്ന കേരളത്തിൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമം നടപ്പിൽ വരുത്തുന്നത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റു ഡയറക്ടർ ആഫീസിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ</u>

3118 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ പണമടയ്ക്കാത്തതുമൂലം വിച്ഛേദിക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് മുൻകൂറായി വൈദ്യുതി ചാർജ്ജിനത്തിൽ തുക ലഭ്യമാക്കുകയോ, യഥാസമയം കെ.എസ്.ഇ.ബി.യ്ക്ക് അടയ്ക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പിന്നീട് ലഭിക്കുന്നതിനുള്ള അനുവാദം നൽകുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>ഗുണമേന്മ നിര്‍ണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങള്‍</u>

3119 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗുണമേന്മ നിര്‍ണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതല്‍ ശേഖരം സ്ഥാപിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വിത്തുകള്‍ സാധാരണ കര്‍ഷകന് ലഭ്യമാകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ ഗുണമേന്മയുള്ള വിത്തിനങ്ങള്‍ കര്‍ഷകര്‍ക്ക് യഥാസമയം വിതരണം നടത്തുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക ഉല്പന്നങ്ങളുടെ പ്രദര്‍ശന വില്പനകേന്ദ്രം</u>

3120 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തില്‍ രൂപകല്‍പ്പന ചെയ്യപ്പെട്ടിട്ടുള്ള കണയംകോട്(കൊഴിലാണ്ടി)ബാലുശ്ശേരി-വയലിട-കക്കയം ടൂറിസം കോറിഡോര്‍ പദ്ധതിയുടെ ഭാഗമായി വയലിടയില്‍ ഗ്രാമീണ കാര്‍ഷിക ഉല്പന്നങ്ങളുടെയും വളര്‍ത്തുമൃഗങ്ങളുടെയും പ്രദര്‍ശന വില്പന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും ഉചിതമായ നിര്‍ദ്ദേശം സമര്‍പ്പിക്കാനും ബന്ധപ്പെട്ടവരോട് നിര്‍ദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കോൾ പാക്കേജ് -തൃശ്ശൂർ ജില്ല</u>

3121 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളുടെ സംരക്ഷണത്തിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന കോൾ പാക്കേജ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം;

(സി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി നീക്കി വെച്ചിരിക്കുന്ന തുകകൾ എത്രയെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

3122 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കുട്ടനാട് പാക്കേജിൽ 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെ; പുതിയതായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ തടസ്സമായി നിൽക്കുന്ന പ്രശ്നം</u>

3123 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്ന് പറയാമോ ;

(സി) ടെൻഡർ ചെയ്തതും ടെൻഡർ ചെയ്യാനുള്ളതുമായ പ്രവർത്തനങ്ങൾ ഏതൊക്കെ ;

(ഡി) ടെൻഡർ ചെയ്തിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ;

(ഇ) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>അപ്പർ കുട്ടനാട് മേഖലയിൽ പുറംബണ്ട് നിർമ്മിക്കാൻ നടപടി</u>

3124 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം മേഖലകളിലാണ് പുറംബണ്ട് നിർമ്മിച്ചു വരുന്നത്;

(ബി) അപ്പർ കുട്ടനാട് പ്രദേശങ്ങളായ പള്ളംതുരുത്തി, പുന്നപ്രവടക്ക്, പുന്നപ്രതെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴതെക്ക് പ്രദേശങ്ങളിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുറംബണ്ട് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അപ്പർ കുട്ടനാട് മേഖലയിൽ ശക്തമായ പുറംബണ്ടില്ലാത്തതിനാൽ കൃഷിനാശം സംഭവിക്കുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്, വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>നെല്ലുല്പാദനം</u>

3125 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും നെല്ലുല്പാദനത്തിൽ മുൻവർഷത്തെക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) നെൽകൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നെൽകൃഷി വികസനത്തിനായുള്ള നടപടികൾ</u>

3126 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷി വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട് ;

(സി) 2006 ജൂൺ മാസം 1-ാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു ;

(ഡി) നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത് ;

(ഇ) അമിതമായുള്ള രാസവളം കീടനാശിനി എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കുന്നതിനായി എന്തെല്ലാം പാക്കേജുകൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

കരനെൽകൃഷിയുടെ പ്രോത്സാഹനം

3127 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കര നെൽകൃഷി ഈ സർക്കാരിന്റെ കാലയളവിൽ തുടർന്നും നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; കരനെൽകൃഷി വ്യാപകമാക്കിയാൽ നെല്ലുൽപാദനം വൻ തോതിൽ വർദ്ധിപ്പിക്കാനാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വർഷം മുതൽ കരനെൽകൃഷി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കരനെൽകൃഷി വ്യാപിപ്പിക്കുവാനും കരപ്പാടങ്ങളിൽ നെൽകൃഷി നടത്തുവാനും കൃഷിക്കാർക്ക് സഹായങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; കൃഷിയിടങ്ങൾ ഒരുക്കുന്നതിനും ഞാറ് നടുന്നതിനും കൊയ്യുന്നതിനും സൗകര്യപ്രദമായ കൊയ്ത്ത് യന്ത്രങ്ങൾ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പാടശേഖര സമിതികള്‍</u>

3128 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാടശേഖര സമിതികളുടെ ഘടനയും പ്രവര്‍ത്തനവും വിശദമാക്കുമോ;

(ബി) നെല്‍കൃഷിയില്‍ തല്‍പരരായ കൂടുതല്‍ അംഗങ്ങളെ ഉള്‍പ്പെടുത്തി പാടശേഖര സമിതികളെ പുനഃസംഘടിപ്പിക്കുന്നതിനും കൂടുതല്‍ പേരെ കൃഷിയിലേയ്ക്ക് ആകര്‍ഷിക്കുന്നതിനും നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

പാടശേഖര കമ്മിറ്റികൾ

3129 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാടശേഖര കമ്മിറ്റികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പാടശേഖര സമിതികൾക്കും എത്ര കൊയ്ത്ത് യന്ത്രങ്ങളും ട്രില്ലറുകളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഇപ്പോൾ നെൽകൃഷി നടന്നത് എത്ര പാടശേഖര സമിതികൾക്ക് കീഴിലാണ് ; ജില്ല തിരിച്ചും വിസ്തീർണ്ണാടിസ്ഥാനത്തിലും വിവരങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ നെൽകൃഷി വിസ്തീർണ്ണം</u>

3130 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഇപ്പോഴത്തെ നെൽകൃഷി വിസ്തീർണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്നുവർഷമായി താരതമ്യം ചെയ്യുമ്പോൾ വിസ്തീർ ണ്ണത്തിൽ വന്നിട്ടുള്ള കുറവ് എത്രയാണ്;

(സി) ഈ കുറവ് നെല്ലുൽപാദനത്തെ ബാധിച്ചിട്ടുണ്ടോ;

(ഡി) വിസ്തീർണ്ണത്തിൽ വന്നിട്ടുള്ള കുറവ് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഈ കുറവ് ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ഇ) നിലവിലുള്ള നെൽകൃഷി വിസ്തീർണ്ണം സംരക്ഷിക്കുന്നതിന് സമഗ്ര പാക്കേജ് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>രാസകീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തല്‍</u>

3131 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

രാസകീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തി ജൈവകീടനാശിനി ഉപയോഗിക്കാന്‍ പ്രേരിപ്പിച്ച് മെച്ചപ്പെട്ട വിളവ് ഉണ്ടാക്കുന്നതിന് കൃഷിക്കാരെ പ്രാപ്തമാക്കുന്ന തരത്തിലുള്ള ആവശ്യമായ പ്രത്യേക പദ്ധതികള്‍ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി</u>

3132 ശ്രീ. വി.പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡീ ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്; വിശദമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ജൈവ കീടനാശിനികൾ</u>

3133 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളിലും, ഫലങ്ങളിലും അമിതമായ കീടനാശിനി പ്രയോഗം മൂലം ആരോഗ്യരംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണങ്ങളാൽ പല വിദേശ രാജ്യങ്ങളും സംസ്ഥാനത്തെ മാമ്പഴം, പച്ചക്കറി തുടങ്ങിയവ നിരോധിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ജൈവ കീടനാശിനികൾ പ്രചരിപ്പിക്കേണ്ടതിന്റെയും കർഷകരിൽ അവബോധം ഉണ്ടാക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കി ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

മിഷൻ 676-ന്റെ ഭാഗമായി കീടരോഗനിരീക്ഷണ സംവിധാനം

3134 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി കീടരോഗ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന 271 ഗ്രാമപഞ്ചായത്തുകളുടെയും രണ്ട് കോർപ്പറേഷനുകളുടെയും പേര് വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പഴം പച്ചക്കറികളിലെ മാരകമായ കീടനാശിനികൾ</u>

3135 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാർക്കറ്റുകളിലെത്തുന്ന പഴം-പച്ചക്കറികളിൽ വ്യാപകമായി മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന മാധ്യമ വാർത്തകൾ ജനങ്ങളിൽ ഉണ്ടാക്കിയ ഉത്ക്കണ്ഠ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പരിശോധനയുടെ അടിസ്ഥാനത്തിൽ മാരകകീടനാശിനി ഉപയോഗിച്ച പഴം-പച്ചക്കറികൾ മാർക്കറ്റിൽ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട കീടനാശിനികൾ</u>

3136 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷ
നറിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീടനാശിനികൾ ഏതെല്ലാമാണ്;

(ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ വിൽപ്പന നടത്തുന്നവരെ കണ്ടുപിടിക്കുവാനും ശിക്ഷാനടപടികൾ സ്വീകരിക്കുവാനും കൃഷിവകുപ്പിന്റേതായ സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ മറ്റെന്തു സംവിധാനമാണ് നിലവിലുള്ളത്;

(ഡി) നിരോധിക്കപ്പെട്ട കീടനാശിനികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുവാൻ എന്തു പരിപാടിയണ് നടപ്പിലാക്കുന്നത്?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

ഗ്രീന്‍ ഹൗസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഹോര്‍ട്ടിക്കള്‍ച്ചര്‍ വിളകളുടെ ഉല്പാദനം

3137 ശ്രീ. കെ. അച്ചുതന്‍
,, വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രീന്‍ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹോര്‍ട്ടിക്കള്‍ച്ചര്‍ വിളകളുടെ ഉല്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാന്‍ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വഴി ഉല്പാദനത്തില്‍ പ്രകടമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ഹോർട്ടികോർപ്പിന്റെ വിറ്റുവരവ്</u>

3138 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ 2013-2014-ലെ വിറ്റുവരവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഹോർട്ടികോർപ്പ് വഴി വിതരണം ചെയ്യാൻ സബ്സിഡിയിനത്തിൽ ഈ കാലയളവിൽ സർക്കാർ എത്ര തുക നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഹോർട്ടികോർപ്പിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് ; എത്ര താല്ക്കാലിക ജീവനക്കാർ ഉണ്ട് ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഹോർട്ടികോർപ്പ് മിഷൻ - പച്ചക്കറി വാങ്ങലും ജീവനക്കാരുടെ നിയമനവും

3139 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ഹോർട്ടികോർപ്പ് മിഷൻ എത്ര രൂപയ്ക്കുള്ള പച്ചക്കറികൾ വാങ്ങിയിട്ടുണ്ട്;

(ബി) പച്ചക്കറികൾ കൂടാതെ മറ്റേതെങ്കിലും ഉല്പന്നങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയ്ക്കെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും എത്ര രൂപയുടെ പച്ചക്കറികൾ വാങ്ങിയിട്ടുണ്ട്;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ടോ; ഏത് ഏജൻസിയിൽ നിന്നും; എത്ര രൂപയ്ക്ക്;

(ഇ) സംസ്ഥാന ഹോർട്ടികോർപ്പ് മിഷൻ എത്ര വില്പനശാലകൾ നേരിട്ട് നടത്തുന്നുണ്ട്; 2011-12, 2012-13, 2013-14 വർഷങ്ങളിലെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; എവിടെയെല്ലാം;

(എഫ്) പ്രസ്തുത വില്പനശാലകളിൽ എത്ര ജീവനക്കാരെ നിയമിച്ചു; സ്ഥിരം നിയമനം എത്ര; കോൺട്രാക്ട് വ്യവസ്ഥയിൽ എത്ര; ദിവസക്കൂലിയിനത്തിൽ എത്ര;

(ജി) ഇവരുടെ ശമ്പളയിനത്തിൽ എത്ര തുകയാണ് 2011-12, 2012-13, 2013-14 വർഷങ്ങളിൽ നൽകിയത്;

(എച്ച്) സംസ്ഥാന ഹോർട്ടികോർപ്പ് മിഷൻ നേരിട്ട് പ്രവർത്തിപ്പിക്കുന്ന വില്പനയൂണിറ്റുകൾ ആരംഭിക്കുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

(ഐ) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന വില്പന യൂണിറ്റുകൾ എത്ര; ഏതെല്ലാം;

(ജെ) തുടർച്ചയായി രണ്ട് വർഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്ന വില്പന യൂണിറ്റുകൾ എത്ര;

(കെ) നഷ്ടത്തിൽ പ്രവർത്തിക്കുന്നതുകാരണം നിർത്തലാക്കിയ യൂണിറ്റുകൾ ഏതെല്ലാം; നിർത്തലാക്കിയ യൂണിറ്റുകളിൽ നിന്നും എത്ര രൂപ നഷ്ടമുണ്ടായി?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

## <u>സംസ്ഥാന ഹോർട്ടികോർപ്പ് മിഷൻ - പച്ചക്കറി വില്പനക്കായി വാഹനം വാങ്ങൽ</u>

3140 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികോർപ്പ് മിഷൻ പച്ചക്കറി വില്പനക്കായി എത്ര വാഹനങ്ങൾ വാങ്ങിച്ചിട്ടുണ്ട്;

(ബി) വാഹനങ്ങൾ എന്നാണ് വാങ്ങിയത്;

(സി) വാഹനങ്ങൾ വാങ്ങുന്നതിന് എത്ര തുക ചെലവായി;

(ഡി) ഏത് ഏജൻസിയിൽ നിന്നാണ് വാഹനങ്ങൾ വാങ്ങിയത്;

(ഇ) ഈ വാഹനങ്ങളിലൂടെയുള്ള വില്പനയിൽ നിന്നും ലഭിച്ച വരുമാനം എത്രയാണ്;

(എഫ്) ഇപ്പോൾ പ്രസ്തുത വാഹനങ്ങളിലൂടെയുള്ള വില്പന നിർത്തലാക്കിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ വില്പന നിറുത്തലാക്കിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(എച്ച്) പ്രസ്തുത വാഹനങ്ങൾ ഇപ്പോൾ എന്ത് ആവശ്യത്തിനായി ഉപയോഗിക്കുന്നു; എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം

3141 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങൾക്കുവേണ്ടി പച്ചക്കറി സംഭരിക്കുന്നത് എവിടെനിന്നാണെന്ന് വിശദമാക്കാമോ;

(ബി) കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നത് നിയന്ത്രിക്കുകയോ നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വകാര്യമുതലാളിമാരിൽ നിന്നും വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവർത്തികൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പ് ഓണം ഫെയറിന്റെ വരവും ചെലവും</u>

3142 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം വഴുതയ്ക്കാട് പോലീസ് ഗ്രൗണ്ടിൽ നടത്തിയ ഹോർട്ടികോർപ്പ് ഓണം ഫെയറിന്റെ വരവും ചെലവും എത്രയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കർഷകർക്ക് ബാങ്ക് വഴി ധനസഹായം</u>

3143 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്കുള്ള ധനസഹായങ്ങൾ ബാങ്ക് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന് സർക്കാർ പ്രത്യേക ബാങ്ക് ചാർജ്ജ് നൽകേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കാര്‍ഷിക മേഖലയെ സഹായിക്കുന്നതിനുള്ള വിപണി ഇടപെടല്‍ ഫണ്ട്</u>

3144

ശ്രീ. കെ. രാധാകൃഷ്ണന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. ദാസന്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയെ സഹായിക്കുന്നതിനായി വിപണി ഇടപെടല്‍ ഫണ്ട് നിലവിലുണ്ടോ;

(ബി) ഫണ്ടില്‍ നിന്നും കര്‍ഷകര്‍ക്ക് ഇക്കഴിഞ്ഞ വര്‍ഷം എന്തെല്ലാം സഹായങ്ങളാണ് നല്‍കിയിട്ടുള്ളതെന്നറിയിക്കാമോ;

(സി) ഫണ്ടിന്റെ പ്രവര്‍ത്തനത്തിനായി എന്തു തുകയാണ് മാറ്റി വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത തുക കാലോചിതമായി വര്‍ദ്ധിപ്പിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്</u>

3145 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് ഏത് വർഷത്തെ കാലാവസ്ഥയെ അടിസ്ഥാനമാക്കിയാണ്; വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അടിസ്ഥാന വർഷത്തെ പുനർനിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;കൂടുതൽ വിളകൾ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ;

(സി) ഖാരിഫ്- റാബി സീസണുകളിൽ കേരളത്തിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നതിനാൽ സംസ്ഥാന കാലാവസ്ഥയ്ക്ക് അനുയോജ്യമായി വിള ഇൻഷ്വറൻസിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കർഷകപെൻഷൻ കുടിശ്ശിക</u>

3146 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതു കാലയളവ് വരെയുള്ള കർഷകപെൻഷനാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്;

(ബി) ജില്ലയിൽ വിവിധ കൃഷി ഓഫീസുകളിലായി എത്ര കർഷക പെൻഷൻ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ജില്ലയിൽ കർഷകപെൻഷൻ കുടിശ്ശിക കൂടാതെ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കർഷക സമ്പദ്‌വ്യവസ്ഥയ്ക്ക് നടപടി</u>

3147 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർഷക സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും കർഷക രക്ഷ ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

കര്‍ഷക കടാശ്വാസ കമ്മീഷന്‍

3148 ശ്രീ.കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കര്‍ഷക കടാശ്വാസ കമ്മീഷന്‍ നിലവിലുണ്ടോ വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് ഇതുവരെ എത്ര കര്‍ഷകര്‍ക്ക് ആനുകൂല്യം നല്‍കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കര്‍ഷകര്‍ക്ക് അനുവദിച്ച ആനുകൂല്യങ്ങള്‍ കര്‍ഷകരുടെ അക്കൗണ്ടിലേക്കു മാറ്റാനുള്ള നടപടി</u>

3149 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകര്‍ക്ക് അനുവദിച്ച പെന്‍ഷന്‍, സബ്സിഡി ഉള്‍പ്പെടെയുള്ള ആനുകൂല്യങ്ങള്‍ കര്‍ഷകരുടെ അക്കൗണ്ടിലേക്കു മാറ്റാനുള്ള നടപടികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തില്‍ അനുവദിച്ച എത്ര തുക കര്‍ഷകരുടെ അക്കൗണ്ടിലേക്കു ഇനിയും മാറ്റാനുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നാശം സംഭവിക്കുന്ന വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം</u>

3150 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിനാശം സംഭവിക്കുമ്പോൾ വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര തുക ഓരോ വിളകൾക്കും എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ

T3151 ശ്രീ. ഇ. കെ. വിജയൻ

